പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1582 04.10.2016 – ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. പി.കെ.ബഷീർ ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

കടാശ്വാസ പദ്ധതി

| | | |
|---|---|---|
| എ | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായി അടയ്ക്കാൻ നിവൃത്തിയില്ലാത്തവർക്കായി കടാശ്വാസപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20.08.2016ലെ സ.ഉ.(പി)നം. 118/2016/ധന പ്രകാരം ഒറ്റത്തവണ കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും വായ്പ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങളും എന്തെല്ലാമാണ്; വിശദമാക്കുമോ; | അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിന്പുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുന:ക്രമീകരിച്ചും നൽകുന്നതാണ്.<br><br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്.<br><br>വായ്പാസ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കടാശ്വാസ അപേക്ഷയിന്മേൽ തീർപ്പുണ്ടാക്കി രണ്ട് മാസത്തിനുള്ളിലെ നിശ്ചിത തീയതിയിൽ മുൻകൂട്ടി അറിയിച്ച് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഈടുകളും തിരികെ നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവിൽ നിന്ന് അപേക്ഷയൊഴികെ യാതൊരു സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുന്നതല്ല.<br><br>പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| സി | ഇതിൻപ്രകാരം നാളിതു വരെയായി എത്രപേരുടെ വായ്പകൾ എഴുതിത്തള്ളി യിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ? | ഉത്തരവ് തീയതിക്ക് ശേഷം രണ്ട് മാസത്തെ കാലയളവ് നിശ്ചയിച്ചാണ് പദ്ധതിയാനുകൂല്യം ലഭ്യമാക്കുന്നത് എന്നതിനാൽ അക്കാലയളവിന് ശേഷമാണ് ഇത് സംബന്ധിച്ച് കണക്കുകൾ ലഭ്യമാകുന്നതെങ്കിലും പതിനായിരത്തോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**